"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി - 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1625/2025/LSGD തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. വിജിലൻസ് വകുപ്പിന്റെ 14.06.2021-ലെ ഡി1/26/2021-വിജി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ട്
2. 15.09.2021-ലെ EWA2/56/2021-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീന്റെ 28.04.2022-ലെ പ്രതിവാദപത്രിക

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഫയൽ നം. P1-3180/20 അപേക്ഷ പ്രകാരം നല്കിയ കൈവശാവകാശ സർട്ടിഫിക്കറ്റിലും ആധാരത്തിന്റെ പകർപ്പിലും ഭൂമിയുടെ തരം നഞ്ച എന്ന് രേഖപ്പെടുത്തിയിട്ടും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നിലം ആയിരുന്നിട്ടും പ്രസ്തുത അപേക്ഷയിൽ കെട്ടിടത്തിന് അനധികൃതമായി ബിൽഡിങ്ങ് പെർമിറ്റ് നൽകിയ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകുകയും ആയതിന് ടിയാൾ പ്രതിവാദ പത്രിക ലഭ്യമാക്കുകയുമുണ്ടായി.

3. നടപടിക്രമങ്ങളുടെ ഭാഗമായി, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ സേവനമനുഷ്ഠിച്ചിരുന്ന മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി

നസ്രീനെതിരെ (PEN - 837721; നിലവിൽ ജലസേചന വകുപ്പിൽ സേവനമനുഷ്ഠിച്ചു വരുന്നു) 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നീബ വൈ. (PEN - 661099) യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു. **അന്വേഷണ ഉദ്യോഗസ്ഥ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമവും പാലിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി നീബ വൈ. (PEN - 661099), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PIU മലപ്പുറം **(ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ശ്രീമതി നസ്രീൻ എസ്. (PEN-837721), അസിസ്റ്റന്റ് ഡയറക്ടർ, IDRB, തിരുവനന്തപുരം **(ജലവിഭവ വകുപ്പ് മുഖേന)**
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. സ്റ്റോക്ക് ഫയൽ (EWA2/56/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 30-06-2025 15:51:44
സെക്ഷൻ ഓഫീസർ